ഭരണഭാഷ–മാതൃഭാഷ

**മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറുടെ നടപടിക്രമം**
**മൃഗസംരക്ഷണ വകുപ്പ് – ഡയറക്ടറേറ്റ് – വികാസ് ഭവൻ,**
**തിരുവനന്തപുരം**

മൃഗസംരക്ഷണ വകുപ്പ് – ജീവനകാര്യം – ജൂനിയർ സൂപ്രണ്ടിന് സീനിയർ സൂപ്രണ്ട് തസ്തികയിൽ ഉദ്യോഗകയറ്റം നൽകുന്നത് – ഉത്തരവ് പുറപ്പെടുവിക്കുന്നു

| | |
|---|---|
| നമ്പർ – എ.എച്ച്.ഡി/1294/2019–ഡി1(1) | തീയതി:06/06/2019 |

പരാമർശം: 1) 26/3/2019 ലെ എ.എച്ച്.ഡി/7374/2018–ഡി1(1) നം നോട്ടിഫിക്കേഷൻ
ശ്രീമതി.ശ്രീലത.കെ.ഓ യുടെ 24/5/2019 ലെ അപേക്ഷ
2) 16/8/2013 ലെ സ.ഉ.(പി)നം.23/2013/പി.&എ.ആർ.ഡി
3)

**ഉത്തരവ്**

മൃഗസംരക്ഷണ വകുപ്പിലെ കാസർഗോഡ് ജില്ലാ മൃഗസംരക്ഷണ ഓഫീസിൽ സീനിയർ സൂപ്രണ്ടായിരുന്ന ശ്രീ.കെ.പ്രകാശൻ 31/5/2019 ൽ സർവീസിൽ നിന്നും വിരമിച്ചതിനെ തുടർന്നുണ്ടായ ഒഴിവിൽ ജനറൽ വിഭാഗത്തിലെ ഒരു ജൂനിയർ സൂപ്രണ്ടിന് സീനിയർ സൂപ്രണ്ട് തസ്തികയിലേക്ക് ഉദ്യോഗകയറ്റത്തിന് അർഹതയുണ്ട്.

2019 വർഷത്തിൽ സീനിയർ സൂപ്രണ്ട്(ജനറൽ) തസ്തികയിലേക്ക് ഉദ്യോഗകയറ്റം ലഭിക്കുവാൻ അർഹരായ ജൂനിയർ സൂപ്രണ്ടുമാരുടെ സെലക്റ്റ് ലിസ്റ്റ്, പരാമർശം ഒന്ന് പ്രകാരം അംഗീകരിച്ച് ഉത്തരവായിരുന്നു. പ്രസ്തുത സെലക്റ്റ് ലിസ്റ്റിൽ ക്രമ നം.4 ആയി ഉൾപ്പെട്ടിട്ടുള്ള ശ്രീമതി.ശ്രീലത.കെ.ഓ യ്ക്കാണ് നിലവിൽ ഉദ്യോഗകയറ്റത്തിന് അർഹത. ശ്രീമതി.ശ്രീലത.കെ.ഓ ജനറൽ / അക്കൗണ്ട്സ് വിഭാഗങ്ങളിലെ സെലക്റ്റ് ലിസ്റ്റുകളിൽ ഉൾപ്പെട്ടിട്ടുണ്ട്. എന്നാൽ ശ്രീമതി.ശ്രീലത.കെ.ഓ, ടിയാളെ ജനറൽ വിഭാഗത്തിലുണ്ടാകുന്ന ഒഴിവിൽ പരിഗണിച്ചാൽ മതിയെന്ന് പരാമർശം രണ്ട് പ്രകാരം അപേക്ഷിച്ചിരുന്നു.

മേൽ സാഹചര്യത്തിൽ ജൂനിയർ സൂപ്രണ്ടുമാരുടെ(ജനറൽ) സെലക്റ്റ് ലിസ്റ്റിൽ ക്രമ നം.3 ആയി ഉൾപ്പെട്ടിട്ടുള്ള മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറേറ്റിലെ ജൂനിയർ സൂപ്രണ്ടായ ശ്രീമതി.കെ.ഓ.ശ്രീലതയ്ക്ക് കാസർഗോഡ് ജില്ലാ മൃഗസംരക്ഷണ ഓഫീസിലെ സീനിയർ സൂപ്രണ്ടായിരുന്ന ശ്രീ .കെ.പ്രകാശൻ വിരമിച്ച ഒഴിവിൽ, 1958 ലെ കെ.എസ് &എസ്.എസ്.ആർ ചട്ടം 28(b)(i) അനുസരിച്ച് രൂ.36600–79200 എന്ന ശമ്പള സ്കെയിലിൽ സീനിയർ സൂപ്രണ്ട് തസ്തികയിൽ ഉദ്യോഗകയറ്റം നൽകി ഉടൻ പ്രാബല്യത്തിൽ നിയമനം നൽകിക്കൊണ്ട് ഉത്തരവാകുന്നു. ശ്രീമതി.കെ.ഓ.ശ്രീലതയ്ക്ക് ഭാവിയിൽ സീനിയർ സൂപ്രണ്ട്(അക്കൗണ്ട്സ്) വിഭാഗത്തിലേക്ക് മാറ്റം അനുവദിക്കുന്നതുമല്ല.

ഉദ്യോഗകയറ്റം ലഭിച്ച ജീവനക്കാരി സീനിയർ സൂപ്രണ്ട് (അക്കൗണ്ട്സ്) തസ്തികയിൽ ജോലിയിൽ പ്രവേശിക്കുന്ന തീയതി മുതൽ ഒരു വർഷത്തിനുള്ളിൽ തുടർച്ചയായ ആറു മാസം നിരീക്ഷണ കാലയളവിലായിരിക്കും. ഉദ്യോഗകയറ്റം ലഭിച്ച ജീവനക്കാരിയുടെ പുതുക്കിയ ശമ്പള നിർണ്ണയം 20/1/2016 ലെ സ.ഉ.(പി)7/2016/ധന ഉത്തരവ് പ്രകാരമായിരിക്കും. പരാമർശം മൂന്നിലെ സർക്കാർ ഉത്തരവിൽ

അനുശാസിക്കുന്ന പ്രകാരം പ്രസ്തുത ജീവനക്കാരി, ഉദ്യോഗകയറ്റം ലഭിച്ച തസ്തികയിൽ ജോലിയിൽ പ്രവേശിച്ചയുടൻ 'പേഴ്സണൽ മെമ്മോറാണ്ടം' അക്കൗണ്ടന്റ് ജനറലിന് അയച്ചു കൊടുക്കേണ്ടതാണ്.

ചുമതല കൈമാറ്റ പത്രികകൾ യഥാസമയം ബന്ധപ്പെട്ട ഓഫീസുകളിലേക്ക് അയച്ചു കൊടുക്കേണ്ടതാണ്.

**DR. P C SUNILKUMAR**

Signature Not Verified
Digitally signed by SUNIL KUMAR
Date: 2019.06.06 15:22:38 IST
Reason: Approved

**മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ**

സ്വീകർത്താവ്

1) ശ്രീമതി.ശ്രീലത.കെ.ഓ, സീനിയർ സൂപ്രണ്ട്, മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറേറ്റ്, തിരുവനന്തപുരം
2) ജില്ലാ മൃഗസംരക്ഷണ ഓഫീസർ, കാസർഗോഡ്
3) അക്കൗണ്ടന്റ് ജനറൽ, എറണാകുളം
കെ3 / ജെ1 സീറ്റുകൾ
കെ/ജെ/എഫ്/ഡി സെക്ഷൻ സൂപ്രണ്ടുമാർ/ഐ ടി സീറ്റിനു